കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

# 2016-17

# ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം
e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി5)1565/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020.
ഫോൺ നം. 0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 24.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21 (1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി5)1565/2017 തിയ്യതി:24.11.2017

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ

ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,
1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.16 മുതൽ 31.03.17 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 സാമ്പത്തിക വർഷത്തെ മാർച്ച് മാസത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ് .

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6-10-2017 മുതൽ 12-10-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ എം.എൽ.അഗസ്റ്റിൻ (ഓഡിറ്റ് ഓഫീസർ) |
| | ഷൈനികൃഷ്ണദാസ് (അസി. ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി ലിഷ.കെ.വി (അസി. ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.സ്ററാൻലി.പി.എസ്. (സീനിയർ ഗ്രേഡ് ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.കെ ഹുസൈൻ | 1.4.16 മുതൽ 31.3.17 വരെ |
| സെക്രട്ടറി | ശ്രീമതി.എ.എം.പങ്കജം | 1-4-16 മുതൽ 13-10-16 വരെ |
| | എ.വി.അനുപമ (സെക്രട്ടറി ഇൻ ചാർജ്ജ്) | 14-10-16 മുതൽ 24-12-16 വരെ |
| | ശ്രീമതി.എ.എം.പങ്കജം | 25-12-16 മുതൽ 31-3-17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസിസ്റ്റന്റ് സെക്രട്ടറി | ഒ.പി.പദ്മാവതി | 1-4-16 മുതൽ 20-8-16 വരെ |
| | ഷൈല.പി.എ. | 21-8-16 മുതൽ 16-9-16 വരെ |
| | എ.വി.അനുപമ | 17-9-16 മുതൽ 31-3-17 വരെ |
| കൃഷി ഓഫീസർ | സ്മിത.സി.ഫ്രാൻസിസ് | 1.4.16 മുതൽ 31-3-17 വരെ |
| അസി.എഞ്ചിനീയർ | രാജിമോൾ.സി.രാജു (അഡീഷണൽ ചാർജ്ജ്) | 1.4.16 മുതൽ 30-6-16 വരെ |
| | വിനീത അശോകൻ.ഒ. | 1-7-16 മുതൽ 31-3-17വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. | ഡോ.എം.എ.രാമചന്ദ്രൻ | 1.4.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ഷിനി.കെ.എം. | 1.4.16 മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ.പി.ഡി.രാഗേഷ് | 01.04.16 മുതൽ 30.09.16 |

| | | |
|---|---|---|
| | | വരെ |
| | ഡോ.പി.എ.ഫ്രാൻസിസ് | 1.10.16 മുതൽ 31-3-17 വരെ |
| പ്രധാനാദ്ധ്യാപിക | ജാൻസി.സി.ടി. | 1.4.16 മുതൽ 31.3.17 വരെ |
| വി.ഇ.ഒ. | ജയദീപ്.ടി. | 1.4.16 മുതൽ 31.3.17 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | സ്റ്റെല്ല | 1.4.16 മുതൽ 31.3.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ജിഷ .കെ ബി. | 12-8-16 മുതൽ 31-3-17 വരെ (01-04-16 മുതൽ 11-08-16 വരെ ടി തസ്തിക നിലവിൽ ഇല്ല) |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | ടെണ്ടർ വിൽപ്പന - ഇ-ടെണ്ടർ ഫീ, വാറ്റ് - പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല | 2-1 |

| | | |
|---|---|---|
| 13 | ബിൽഡിംഗ് പെർമിറ്റ് - ക്രമവൽക്കരണ ഫീസിനൊപ്പം പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല | 2-2 |
| 14 | നംപറിങ്ങ് ഫയൽ - ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് | 2-3 |
| 15 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ് | 2-4 |
| 16 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-5 |
| | ഭാഗം 3 | |
| 17 | പഞ്ചായത്ത് ഭരണസമിതി തിരുമാനത്തിന്മേൽ നാളിതുവരെയായിട്ടും തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല | 3-1 |
| 18 | മരാമത്ത്പ്രവൃത്തികൾക്ക് വേണ്ടിയുള്ള മോണിറ്ററിങ്ങ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല | 3-2 |
| 19 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന വാങ്ങൽ - നൽകിയ തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല | 3-3 |
| 20 | എ.ബി.സി. പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല | 3-4 |
| 21 | കന്നുകുട്ടി പരിപാലന പദ്ധതി | 3-5 |
| 22 | സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടി-രേഖകളുടെ അഭാവം – തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 23 | എസ്.എസ്.എ. അധിക വിഹിതം നൽകി | 3-7 |
| 24 | എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ - അപാകതകൾ | 3-8 |
| 25 | എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | 3-9 |
| 26 | സ്കൂളിൽ ഫസ്റ്റ് എയ്ഡ് വിതരണം - സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല | 3-10 |
| 27 | പകർച്ചവ്യാധി നിയന്ത്രണം - രേഖകൾ ഹാജരാക്കിയില്ല | 3-11 |

| | | |
|---|---|---|
| 28 | വയോജനങ്ങളുടെ ആരോഗ്യ പരിപാലനം | 3-12 |
| 29 | പെയിൻ ആന്റ് പാലിയേറ്റീവ് | 3-13 |
| 30 | ഇ.എം.എസ്. ഭവന പദ്ധതി | 3-14 |
| 31 | എഞ്ചിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അംഗൻവാടികൾ പ്രവർത്തിക്കുന്നു | 3-15 |
| 32 | റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി അവസാനിപ്പിക്കുന്നു | 3-16 |
| 33 | തൊഴിലുറപ്പ് പദ്ധതി: റോഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ വേതന/സാധന ഘടകത്തിൽ 60:40 എന്ന അനുപാതം പാലിക്കപ്പെട്ടില്ല. അവിദഗ്ദ തൊഴിലാളികളുടെ തൊഴിൽ സാധ്യത നഷ്ടപ്പെടുത്തുന്നു | 3-17 |
| 34 | തെരുവുവിളക്കുകളുടെ എ.എം.സി., സിഎഫ്എൽകളുടെ പുനസ്ഥാപനം, ട്യൂബ് മാറ്റൽ - പ്രവൃത്തി പരിശോധിക്കാതെ ചെലവ് നടത്തി | 3-18 |
| 35 | രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപെടുത്തുന്നു. | 3-19 |
| | ഭാഗം-4 | |
| 36 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 1.03.17 തിയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 25-3-17 തിയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റ് അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2017 | 25-7-17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകകൾ ചുവടെ ചേർക്കുന്നു.

1. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തിൽ നടത്തിയ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.

3. വസ്തു നികുതി ഡി.സി.ബി. പ്രകാരമുള്ള വരവ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2016-17-ലെ ഓഡിറ്റ് സാക്ഷ്യപത്രം, ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് & പെയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7912843 |
| വരവ് | 31747721 |
| ആകെ | 39660564 |
| ചെലവ് | 30501622 |
| നീക്കിയിരിപ്പ് | 9158942 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷം വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 8751795 | 8751795 | 7369919 | 1381876 | 84.21% |
| വികസനഫണ്ട് എസ്.സി.പി. | 0 | 6809464 | 6809464 | 2597488 | 4211976 | 38.14% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2241 | 2241 | 2241 | 0 | 100% |
| സംരക്ഷണഗ്രാന്റ് റോഡ് | - | 5795547 | 5795547 | 824895 | 4970652 | 14.23% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 2554755 | 2554755 | 543954 | 2010801 | 21.29% |

| | | | | | | |
|---|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 4907789 | 4907789 | 2135413 | 2772376 | 43.51% |
| ലോകബാങ്ക് വിഹിതം (സ്റ്റേറ്റ് വിഹിതം) | - | 675544 | 675544 | - | 675544 | 0 |
| ലോകബാങ്ക് വിഹിതം (കേന്ദ്രവിഹിതം) | 0 | 1921446 | 1921446 | 400697 | 1520749 | 21% |
| ബി ഫണ്ട് | 0 | 37550095 | 37550095 | 37550095 | 0 | 100% |
| എൻ.ആർ.ഇ.ജി.എസ്. | 0 | 1137008 | 1137008 | 1126753 | 10255 | 99.09% |
| ജനറൽ പർപ്പസ് ഗ്രാൻറ് | 5566598 | 7026216 | 12592814 | 5031450 | 7561364 | 40% |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 139 | 41186786 | 71 | 17211437 | 8 | 60 | 51% |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 10.89% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2618530 | 3308215 | 689685 | 26.33% |
| നികുതിയേതര വരവുകൾ | 1482175 | 1297271 | _184904 | -12.47% |
| മറ്റുവരവുകൾ | 6388940 | 7026216 | 637276 | 9.97% |
| ആകെ | 10489645 | 11631702 | 1142057 | 10.89% |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 183360 | 119 |
| കർഷകതൊഴിലാളി പെൻഷൻ | 5987320 | 2453 |
| വിധവാപെൻഷൻ | 11223530 | 473 |
| വാർദ്ധക്യകാലപെൻഷൻ | 15559410 | 4941 |
| വികലാംഗപെൻഷൻ | 2374405 | 956 |
| അവിവാഹിതപെൻഷൻ | 1070150 | 473 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 390000 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11-10-17 തിയതിയിൽ 3.00 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9486 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1) പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതായ എല്ലാ രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

2) അസിസ്റ്റന്റ് എഞ്ചിനീയർ, വി.ഇ.ഒ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ, ഹെഡ് മാസ്റ്റർഎന്നിവരൊന്നും നിശ്ചിത മാതൃകയിലുള്ള ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

3) എല്ലാ അപേക്ഷകളും, പരാതികളും ഫ്രണ്ട് ഓഫീസ് മുഖേന സ്വീകരിക്കുകയും യഥാസമയം നടപടികളെടുത്തുവരികയും ചെയ്യുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-9-17 | ഓഗസ്റ്റ് 2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25-03-14 മുതൽ 22-04-14 വരെ | 2008-09 മുതൽ 2012-13 വരെ | 2012 മുതൽ 2013 വരെ ലഭിച്ചു |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെണ്ടർ വിൽപ്പന - ഇ-ടെണ്ടർ ഫീ, വാറ്റ് - പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയിട്ടില്ല

2016-17 വർഷം മരാമത്ത് പ്രവർത്തികൾ ഇ-ടെണ്ടർ നടത്തിയപ്പോൾ ലഭിക്കേണ്ട സബ്മിഷൻ ഫീ പഞ്ചായത്ത് ഫണ്ടിൽ ലഭിച്ചതായി പരിശോധനയിൽ കണ്ടില്ല. പ്രവൃത്തിക്ക് പങ്കെടുത്ത കരാറുകാരുടെ എണ്ണം ബ്രാക്കറ്റിൽ. ഇ-ടെണ്ടർ വിളിച്ച മരാമത്ത് പ്രവർത്തികളായ എ) "സി.എച്ച്.സി. റോഡ്റിടാറിങ്ങ് (3), ബി)"കോട്ടംറോഡ്സഞ്ചാര യോഗ്യമാക്കൽ(3), സി)"കമ്മ്യൂണിറ്റി ഹാൾ മെയിൻറനൻസ്"(1), (ഡി)മാനിനപ്പറപാടം റോഡ് റീടാറിങ്ങ്(2), (ഇ)കുന്നത്തുള്ളി റോഡ് സോളിങ്ങ് മെറ്റലിങ്ങ്, ടാറിങ്ങ്(1) എന്നീ പ്രവൃത്തികൾക്ക് പ്രോജക്ട് അടങ്കലിന്റെ (.2%)-വും എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്ന് ട്രാൻസ്ഫർ ചെയ്യാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-2 ബിൽഡിംഗ് പെർമിറ്റ് - ക്രമവൽക്കരണ ഫീസിനൊപ്പം പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല

2016-17 വർഷത്തിൽ അനുവദിച്ച ബിൽഡിംഗ് പെർമിറ്റുകളിൽ ക്രമവൽക്കരണം നടന്നവയിൽ റഗുലറൈസേഷൻ ഫീസിനൊപ്പം പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ല. വിശദവിവരം താഴെ പറയുന്നു.

| വ്യക്തിയുടെ പേര് | പെർമിറ്റ് നമ്പർ/ രസീത് നമ്പർ/ തിയ്യതി | തറ വിസ്തീർണ്ണം | ഈടാക്കിയ പെർമിറ്റ് ഫീസ് | ഈടാക്കിയ റഗുലറൈസേഷൻ ഫീസ് | ഈടാക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|---|---|
| സജ്ന&ഖാഷിഫ്, രായമരക്കാർ ഹൗസ്, വെങ്കിടങ്ങ് | C2-5598/16 (താമസാവശ്യം) (68/16-17 dt.24-11-16 rtno.11601102551/ 18-11-16 | 203.90 | nil | 1244 | 1835 | 611 |
| ഷിബിൻ&സുപർണ്ണ, എടാട്ട് പറമ്പിൽ | C2-5923/16 (76/16-17 dt.22-12-16 rt.11601102790/ 15-12-16 | 158.38 (താമസാവശ്യം) | nil | 951 | 1425 | 474 |
| ഗിരിജ, കണ്ടാരശ്ശേരി ഹൗസ്, അന്നകര | C2-5573/16 (81/16-17 dt.10-1-17 rtno.11601102933 dt.27-12-16 | 171.11 (താമസാവശ്യം) | nil | 1028 | 1540 | 512 |
| സുമിത അമർദീപ്, പൊന്നാറപറമ്പിൽ | C2-5849/16 (84/16-17 dt.10-1-17) rt no.11601103041 /9-1-17 | 144.25 (താമസാവശ്യം) | nil | 867 | 1298 | 431 |
| സജി&മൈഥില നരിയംപുള്ളി, മുല്ലശ്ശേരി | C2-5930/16 (86/16-17 dt.24-1-17) rt no11601103209/ 21-1-17 | 135.6 (താമസാവശ്യം) | nil | 814 | 1220 | 406 |
| ലക്ഷ്മിക്കുട്ടിയമ്മ, മടിമുഖരിയത്ത് ഇല്ലത്ത് | C2-3765/16 (31/16-17 dt.1-8-16 rt no.1160110302 /30-7-16 | 151.25 (താമസം) | NIL | 908 | 1361 | 453 |

| | | | | | | |
|---|---|---|---|---|---|---|
| ബാപ്പുട്ടി മുസ്സലിയാർ കുമ്പളത്ത്, രായമരക്കാർ വീട്ടിൽ, പെരുവല്ലൂർ | C2-1424/16 dt.18-5-16 (R1-16/17 RtNo.11601100541/ 18-5-16 | 263.43 (താമസാവശ്യം) | NIL | 1581 | 2371 | 790 |
| സുധാകരൻ, കണ്ണറമ്പിൽ, പെരുവല്ലൂർ | C2-2791/16 R2/16-17 Dt.14-6-16 rt.no.11601100799 dt.10-6-16 | 126.5 (താമസാവശ്യം) | nil | 760 | 1139 | 379 |
| തോമസ്, വിതയത്തിൽ, മുല്ലശ്ശേരി | C2-827/17 (98-16/17 dt. 3-3-17 Rt No.1160110388 /3-3-17 | 257.06 (താമസാവശ്യം) | nil | 1542 | 2314 | 772 |
| ഫ്രാൻസിസ്, കുത്തൂർ ഹൗസ്, പെരുവല്ലൂർ | C2-6289/ 16100/16-17 Dt. 6-3-17 | 188.5 (താമസാവശ്യം) | nil | 1131 | 1697 | 566 |
| ആകെ | | | | | | 5394 |

ക്രമവൽക്കരണം നടന്ന മേൽ പറഞ്ഞവയിൽ റഗുലറൈസേഷൻ ഫീസ് മാത്രം ഈടാക്കി കാണുന്നു. KPBR ചട്ടം 135(3) പ്രകാരം ഒരു ക്രമവൽക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ ക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ മേൽ പ്രകാരം കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

## 2-3 നമ്പറിങ്ങ് ഫയൽ - ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ്

2016-17 വർഷത്തെ നമ്പറിങ്ങ് നടന്ന ബിൽഡിങ്ങുകളിൽ ക്രമവൽക്കരണം നടന്ന താഴെ പറയുന്ന ഫയലുകളിൽ ക്രമവൽക്കരണ ഫീസിനൊപ്പം പെർമിറ്റ് ഫീസ് കൂടി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | വ്യക്തിയുടെ പേര് | കെട്ടിടത്തിൻെറ വിസ്തീർണ്ണം/ രസീത് നമ്പർ | ഈടാക്കിയ ഫീസ് | ഈടാക്കേണ്ട ഫീസ് | വ്യത്യാസം |
|---|---|---|---|---|---|
| 1 | സിജോ, പൊന്നയൂർ, പറപ്പൂര് | 89.99 $m^2$ rtno.11601100527/ 13-5-16 (വാണിജ്യാവശ്യം) | 900 | 1350 | 450 |
| 2 | ശശി&ലിനി, ചീരോത്ത്ഹൗസ്, മുല്ലശ്ശേരി | 105.9 $m^2$ rt no.11601100366 dt.30-4-16 (താമസാവശ്യം) | 635 | 953 | 318 |
| 3 | സുനിൽദാസ്, നടുവിൽ ഹൗസ്, മുല്ലശ്ശേരി | 111.64 $m^2$ rt no. 11601100395/ 03.05.16 (താമസാവശ്യം) | 670 | 1005 | 335 |

| | | | | | |
|---|---|---|---|---|---|
| 4 | ആന്റോ, തൈക്കാട്ടിൽഹൗസ്, മുല്ലശ്ശേരി | 171.99 $m^2$ rt no. 11601100508/ 12-5-16 (താമസാവശ്യം) | 1032 | 1548 | 516 |
| 5 | ജയശ്രീ, കാമ്പ്രത്ത് ഹൗസ്, മുല്ലശ്ശേരി | 173.55 $m^2$ rt no.11601100606 /25-5-16 (താമസാവശ്യം) | 1137 | 1562 | 425 |
| 6 | വിനോദിനി, മനപ്പോഴി, മുല്ലശ്ശേരി | 108.68 $m^2$ rt no. 11601100635/ 26-5-16 (താമസാവശ്യം) | 653 | 978 | 325 |
| 7 | ബദ്റുദ്ദീൻ, വലിയകത്ത് ഹൗസ്, മുല്ലശ്ശേരി | 189.56 $m^2$ rt no.11601101080 dt.8-7-16 (താമസാവശ്യം) | 1138 | 1706 | 568 |
| 8 | വിനോജ്, മുല്ലശ്ശേരിഹൗസ്, മുല്ലശ്ശേരി | 174.03 $m^2$ rt no.11601101158 /15-7-16 (താമസാവശ്യം) | 1044 | 1566 | 522 |
| 9 | കുൽസു, അമ്പലത്ത് ഹൗസ്, പെരുവല്ലൂർ | 107$m^2$ rt no. 11601101277/ 29-7-16 (താമസാവശ്യം) | 642 | 963 | 321 |
| 10 | സുനിൽകുമാർ, കൊല്ലംകുളങ്ങിൽ, മുല്ലശ്ശേരി | 186.68$m^2$ rt no. 11601101552 /18-8-16 (താമസാവശ്യം) | 1121 | 1680 | 559 |
| 11 | പാത്തുമോൾ, പോക്കാക്കില്ലത്ത്, തിരുനെല്ലൂർ | 154.49 $m^2$ rt no.101806807/ 06.09.16 (താമസാവശ്യം) | 927 | 1390 | 463 |
| 12 | ബിന്ദ്യ, പൂവത്രുഹൗസ്, പെരുവല്ലൂർ | 142.81 $m^2$ rt no.11601102079 /22.09.16 (താമസാവശ്യം) | 857 | 1285 | 428 |
| 13 | ദിഷീബ്, എറക്കത്ത്ഹൗസ്, പതിയാർകുളങ്ങര | 129.90$m^2$ rt no.11601101969 dt.26-9-16 (താമസാവശ്യം) | 780 | 1169 | 389 |
| 14 | ലൂവിസ്, വടക്കൻഹൗസ്, | 102.54 $m^2$ rt no. | 616 | 923 | 307 |

| | | | | | |
|---|---|---|---|---|---|
| | അന്നകര | 11601102055/<br>1-10-16<br>(താമസാവശ്യം) | | | |
| 15 | യൂസഫ്,<br>പോക്കാക്കില്ലത്ത്,<br>പതിയാർകളങ്ങര | 137.73 $m^2$<br>rt no.<br>11601102042/<br>dt.29-9-16<br>(താമസാവശ്യം) | 827 | 1240 | 413 |
| 16 | കുഞ്ഞിമോൻ,<br>പോവിൽഹൗസ്,<br>പെരുവല്ലൂർ | 244.75 m2/<br>11601102149/<br>6-10-16<br>(താമസാവശ്യം) | 1469 | 2203 | 734 |
| 17 | സൈനബ,<br>രായമരയ്ക്കാർ വീട്ടിൽ,<br>ഊരകം<br>പതിയാർകളങ്ങര | 122.6 $m^2$<br>rt no.11601102211<br>/15-10-16<br>(താമസാവശ്യം) | 272 | 1103 | 831 |
| 18 | പ്രസന്നകുമാര,<br>മുളക്കൽഹൗസ്സ്<br>പെരുവല്ലൂർ | 189.05 $m^2$<br>rt no.11601102314<br>/24-10-16<br>(താമസാവശ്യം) | 1135 | 1701 | 566 |
| 19 | ഷീല,<br>ചീരോത്ത് ഹൗസ്,<br>മുല്ലശ്ശേരി | 138.39 $m^2$<br>rt no.11601102360<br>dt. 26-10-16<br>(താമസാവശ്യം) | 831 | 1246 | 415 |
| 20 | സുജാത പ്രകാശൻ,<br>വെണ്ണംകോട്,<br>മുല്ലശ്ശേരി | 136.65 $m^2$<br>rt no.11601102682<br>dt.30-11-16<br>(താമസാവശ്യം) | 820 | 1230 | 410 |
| 21 | മുബാറക്ക്,<br>കരിക്കളകത്ത്,<br>തിരുനെല്ലൂർ | 164.02 $m^2$<br>rt no.1160102684/<br>30-11-16<br>(താമസാവശ്യം) | 985 | 1476 | 491 |
| 22 | രാജേഷ്,<br>മുള്ളത്ത്ഹൗസ്,<br>മുല്ലശ്ശേരി | 102.11 $m^2$<br>rt no. 11601102746<br>/8-12-16<br>(താമസാവശ്യം) | 98 | 919 | 821 |
| 23 | ഉഷ,<br>വളവത്ത് ഹൗസ്,<br>മുല്ലശ്ശേരി | 178.23$m^2$<br>rt no. 11601102724<br>dt.5-12-16<br>(താമസാവശ്യം) | 1070 | 1604 | 534 |
| 24 | സുജിത്ത്,<br>തൈവളപ്പിൽ<br>ഹൗസ്, മുല്ലശ്ശേരി | 111.32 $m^2$<br>rtno.11601102749<br>/9-12-16<br>(താമസാവശ്യം) | 668 | 1002 | 334 |

| | | | | | |
|---|---|---|---|---|---|
| 25 | അബ്ദുമോൻ, വലിയകത്ത്ഹൗസ്, അന്നകര | 115.68m$^2$ rt no. 11601103043 /9-1-17 (താമസാവശ്യം) | 695 | 1041 | 346 |
| 26 | ബിപിൻ, പെരുംമ്പുള്ള ഹൗസ്, മുല്ലശ്ശേരി | 173.79 m$^2$ rt no. 11601103764/ 27-2-17 (താമസാവശ്യം) | 1043 | 1564 | 521 |
| 27 | ശിവദാസൻ, മരയ്ക്കാത്ത്ഹൗസ്, മുല്ലശ്ശേരി | 112 m$^2$ rt no. 11601103865/ 2-3-17 (താമസാവശ്യം) | 672 | 1008 | 336 |
| | | | ആകെ | | 12678 |

കുറവ് വന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതാണ്. മേൽ പറഞ്ഞവ കൂടാതെ താഴെ പറയുന്ന വ്യക്തികളുടെ നമ്പറിങ്ങ് ഫയലിനൊപ്പം പെർമിറ്റ് ഉള്ളടക്കം ചെയ്തിട്ടില്ല.

1) ഭാസ്കരൻ, വേളാത്ത് ഹൗസ്, പെരുവല്ലൂർ

2) ഇ.പി.തോമസ്, എടക്കളത്തൂർ

3) ലോറൻസ്, പുലിക്കോട്ടിൽ ഹൗസ്, മുല്ലശ്ശേരി

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7/ 11.10.17) മറുപടി ലഭിച്ചിട്ടില്ല. പെർമിറ്റ് എടുക്കാതെയാണ് നിർമ്മാണം പൂർത്തീകരിച്ചതെങ്കിൽ നിയമാനുസൃതമായ റഗുലറൈസേഷൻ ഫീസ് ഈടാക്കേണ്ടതാണ്.

## 2-4 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്

പഞ്ചായത്തിൻെറ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോംപ്ളക്സിലെ കെട്ടിടമുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള വാടകക്കാരിൽ നിന്നും 31-3-17-ന് വാടക കുടിശ്ശിക ഈടാക്കാനുള്ളതായി കാണുന്നു.

| വാടകക്കാരുടെ പേര് | കെട്ടിട നമ്പർ | കുടിശ്ശിക തുക |
|---|---|---|
| ഒരുമ വനിത വ്യവസായ കേന്ദ്രം | 4-213 | 3580 |
| മൊയ്തീൻ കറുപ്പം വീട്ടിൽ | 14-45 | 7434 |
| കെ.പി.അലി | 14-46 | 74998 |
| കെ.പി.അലി | 14-47 | 74998 |
| സുബിൻ.വി.എസ് | 11-312 | 40710 |
| ടി.എ.മണികണ്ഠൻ | 11-313 | 17781 |
| ശ്രീദേവി ഡേവിസ് | 9-283 | 500 |
| | ആകെ | 220001 |

ആയതിൽ 106900/- രൂപ 4/17, 5/17 മാസങ്ങളിലായി കുടിശ്ശികയിലേക്ക് അടവാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികളിലൂടെ പിരിച്ചുകിട്ടാനുള്ളതായ 149996/- രൂപ ലഭിക്കുമ്പോൾ വിശദാംശങ്ങൾ രേഖപ്പെടുത്തി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി പരിശോധിച്ചതിൽ സർവ്വീസ് സഹകരണ ബാങ്ക് തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ആയത് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പഞ്ചായത്ത് ഭരണസമിതി തിരുമാനത്തിന്മേൽ നാളിതുവരെയായിട്ടും തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല

2016-17 വർഷം പഞ്ചായത്ത് ഭരണസമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ ഭരണസമിതി തീരുമാനത്തിന്മേൽ നാളിതുവരെയായിട്ടും തുടർ നടപടികൾ കൈക്കൊണ്ടിട്ടില്ല എന്നു കാണുന്നു. വിശദ വിവരം താഴെപറയുന്നു.

| ക്രമ നമ്പർ | വിഷയം | ഭരണസമിതി തീരുമാനം |
|---|---|---|
| 1 | കലാപഠന കേന്ദ്രത്തിന്റെ പ്രവൃത്തിക്കായി കോസ്റ്റ് ഫോർഡിൽ കെട്ടിവെച്ച 1.86 ലക്ഷം തിരികെ ലഭ്യമാക്കാനുള്ള തീരുമാനം | 25/8/16 (7) |
| 2 | പെരുവല്ലൂരിലെ വനിത വ്യവസായ കേന്ദ്രത്തിലേക്ക് വാങ്ങിയ നെല്ലുകുത്തി യന്ത്രം (14-15) ഉപയോഗപ്പെടുത്തുന്നതിനുള്ള തീരുമാനം | 4/8/16 6(5) |
| 3 | ഷോപ്പിങ്ങ് കോംപ്ലക്സിലെ വാടക കുടിശ്ശിക വരുത്തിയ സുബിൻ വി.എസ്സ്., അലി.കെ.പി. എന്നിവർക്കെതിരെ ആർ.ആർ നടപടി എടുക്കുന്നതിന് തീരുമാനം | 21/4/16 11(1) |
| 4 | മിസ്റ്റർ കേരള ബോഡി ബിൽഡിങ്ങ് ചാമ്പ്യൻഷിപ്പ് നടത്തുന്നതിന് ഷാവോലിൻ ഫിറ്റ്നസ് സ്കൂളിന് ബസ്സ് സ്റ്റാൻറ് ഗ്രൗണ്ട് അനുവദിക്കുന്നതിനും, നിയമാനുസൃത ഗ്രൗണ്ട് വാടക, വിനോദ നികുതി, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഈടാക്കാൻ തീരുമാനം | 23/2/16 5(18) |
| 5 | ഐ.എ.വൈ. ഭവന നിർമാണ പദ്ധതി (13-14) ആദ്യ ഗഡു കൈപ്പറ്റിയ രചന പ്രമോഷ് വീട് | 31/5/16 8(16) |

| | | | |
|---|---|---|---|
| | പണി പൂർത്തിയാക്കാത്തതിനാൽ ടിയാരിക്കെതിരെ ആർ.ആർ നടപടി എടുക്കുന്നതിന് തീരുമാനം | | |

മേൽ ഭരണസമിതി തീരുമാനത്തിന്മേൽ സ്വീകരിച്ച നടപടി അറിയിക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തികൾക്ക് വേണ്ടിയുള്ള മോണിറ്ററിങ്ങ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല

പദ്ധതി രൂപീകരണ വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മറ്റിയായി പ്രവർത്തിച്ച്, യോഗം ചേർന്ന് ഓരോ പ്രവൃത്തിക്കും മോണിറ്ററിങ്ങ് പ്രവർത്തന പുരോഗതി റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്കും നിർവ്വഹണ ഉദ്യോഗസ്ഥനും നല്കേണ്ടതും, ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിലുള്ള പ്രവർത്തന പുരോഗതി ആരും തന്നെ മോണിറ്ററിങ്ങ് ചെയ്തതായി താഴെ പറയുന്ന പ്രവൃത്തികളുടെ ഫയലിൽ കാണുന്നില്ല.

| പ്രവൃത്തി | കരാറുകാരൻ, കരാർ നമ്പർ, സൈറ്റ് ഏറ്റെടുത്ത തിയ്യതി | ആകെ പ്രവൃത്തി മൂല്യം | എം.ബി. | ചെക്ക് മെഷർ ചെയ്ത തിയ്യതി |
|---|---|---|---|---|
| അംഗൻവാടി റിപ്പയർ നം.40, 41, 43 | ജോഷി.സി.എ. 25/AE/MLSY 16-17 dt. 27.1.17 | 116699 | 103/16-17 | 3-3-17 |
| പെരുവല്ലൂർ ജി.യു.പി.എസ്സ് അറ്റകുറ്റപ്പണി | ജോഷി.സി.എ. 41/AE/MLSY16-17 dt.27.1.17 | 149840 | 128/16-17<br>126/16-17 | 28-3-17 |

മേൽ അപാകത പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ - നൽകിയ തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല

പ്രോജക്റ്റ് നമ്പർ - 67/17

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, ആയുർവേദം

ബിൽ നമ്പർ - 6/16-17 തിയതി 5.1.17 തുക - 150000

ബിൽ നമ്പർ - 7/16-17 തിയതി 5.1.17 തുക - 120000

പദ്ധതി നടത്തിപ്പിനായി മേൽ ബില്ലുകൾ മുഖേന ഔഷധിയുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി 50000 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. 220000/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കേണ്ടതായുണ്ട്. മരുന്നുകൾ താമസം കൂടാതെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 എ.ബി.സി. പദ്ധതി - വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

പദ്ധതി നമ്പർ - 62/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

ബിൽ നമ്പർ - 2/16-17 തി.8.3.17 തുക - 75000

ജില്ലാ പഞ്ചായത്തിന്റെ എ.ബി.സി. ഓൺ വീൽസ് എന്ന പദ്ധതിയുടെ നടത്തിപ്പിലേക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി മേൽ ബിൽ പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്തിൽ നിന്നും കൈമാറിയ തുകയുള്ള വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-5 കന്നുകുട്ടി പരിപാലന പദ്ധതി

പദ്ധതി നമ്പർ - 39/17

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജൻ

ബിൽ നമ്പർ - 1/16-17 തി.21.2.17 തുക - 262500

പദ്ധതിയിൽ 42 ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതമായി മേൽ ബിൽ പ്രകാരമുള്ള തുക ഡെപ്യൂട്ടി ഡയറക്ടർ, എസ്.എൽ.ബി.പി.യുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. താണവീഥി ക്ഷീര സഹകരണ സംഘം വഴിയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഇത് പ്രകാരം 6 മാസത്തോളം കാലിത്തീറ്റ വിതരണം നടത്തിയതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾ നിലവിൽ ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് കാണുന്നു. വിശദാംശം

1. ബിന്ദു ഷാജി

ചീരോത്ത് ഹൗസ്, മുല്ലശ്ശേരി (ഒന്നും കൈപ്പറ്റിയില്ല)

2. ചന്ദ്രൻ, നാലുപുരയ്ക്കൽ, അന്നകര ( 1 മാസം കൈപ്പറ്റി)

3. അർജ്ജുനൻ, നടുവിൽപുരയ്ക്കൽ വീട്, മുല്ലശ്ശേരി ( 1 മാസം)

4. ജോസ്.എം., മുട്ടത്ത് ഹൗസ് (2 മാസം)

പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ വിവരം ലഭ്യമാക്കേണ്ടതും ആനുകൂല്യം കൈപ്പറ്റാത്ത ഗുണഭോക്താക്കൾക്കായി അനുവദിച്ച തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടി - രേഖകളുടെ അഭാവം - തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - 75/17

നിർവ്വഹണ ഉദ്യോഗസ്ഥൻ – എച്ച്.എം., ഗവൺമെന്റ് യു.പി. സ്കൂൾ, പെരുവല്ലൂർ

ബിൽ നമ്പർ - 2/16-17 തിയതി. 9.3.17 തുക - 28500

മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ 19 പഠിതാക്കളുടെ കോഴ്സ് ഫീസ് ആയി അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പഠിതാക്കളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. കോഴ്സിൽ പങ്കെടുത്തതിന്റെ രേഖകളോ, അപേക്ഷകളോ, ഹാൾ ടിക്കറ്റിന്റെ പകർപ്പ് ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-7 എസ്.എസ്.എ. അധിക വിഹിതം നൽകി

പ്രോജക്ട് നമ്പർ - 76/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - എച്ച്.എം., ഗവ. യു.പി. സ്കൂൾ, പെരുവല്ലൂർ

ബിൽ നമ്പർ - 1/16-17 തിയതി. 23.12.16 തുക - 872743

പദ്ധതിയിൽ മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് എസ്.എസ്.എ.യ്ക്ക് കൈമാറിയിട്ടുണ്ട്. എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫീസർ 24.6.17-ന് ഹാജരാക്കിയ ധനവിനിയോഗ സാക്ഷ്യപത്ര പ്രകാരം പഞ്ചായത്തിൽ എസ്.എസ്.എ തൻവർഷം ചെലവഴിച്ചത് 1724000/-ഓളം രൂപയാണ്. (ലഭ്യമാക്കിയ ധനവിനിയോഗ സാക്ഷ്യപത്രം വ്യക്തതയില്ലാത്തതാണ്). ആയതിന്റെ 40% തുകയെ പഞ്ചായത്ത് വഹിക്കേണ്ടതായുള്ളൂ. അതായത് 689600/- രൂപ. 2016-17-ൽ അധികം അനുവദിച്ച തുക തിരികെ ലഭിക്കുന്നതിനോ, തുടർന്നുള്ള വർഷങ്ങളിലെ വിഹിതത്തിൽ വകയിരുത്തുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ - അപാകതകൾ

പ്രോജക്ട് നമ്പർ - 77/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - എച്ച്.എം., ഗവ. യു.പി. സ്കൂൾ, പെരുവല്ലൂർ

ബിൽ നമ്പർ - 3/16-17 തിയതി. 29.3.17 തുക - 275440/-

പദ്ധതി പ്രകാരം ടെണ്ടർ നടപടികളിലൂടെ സഫാരി ട്രേഡിംഗ് കമ്പനി, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ നിന്നുള്ള 43 ആൺകുട്ടികൾക്കും, 26 പെൺകുട്ടികൾക്കുമാണ് സൈക്കിൾ വിതരണം നടത്തിയിരിക്കുന്നത്. പദ്ധതി നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

a) സൈക്കിൾ സ്റ്റോക്കിലെടുത്തല്ല വിതരണം നടത്തിയിരിക്കുന്നത്.

b) പദ്ധതി മാർഗ്ഗരേഖ പ്രകാരം സൈക്കിൾ വാങ്ങി സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം നടത്തേണ്ടത്. എന്നാൽ സ്റ്റോക്കിലെടുത്ത് സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടില്ല.

c) താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ

| ക്രമ നം. | ഗുണഭോക്താവിന്റെ പേരു വിവരം | ഹാജരാക്കാത്ത രേഖകൾ |
|---|---|---|
| 1 | ശ്രുതി, D/o സുനിൽ, കുറ്റിപ്പുരത്തേൽ ഹൗസ്, പെരുവല്ലൂർ | സ്കൂൾ സർട്ടിഫിക്കറ്റിൽ ക്ലാസ്സ് രേഖപ്പെടുത്തിയിട്ടില്ല. |
| 2 | ശ്രീഷ്മ.കെ.ബി., D/o ബാബു, കുറ്റിപ്പുരത്ത് ഹൗസ്, പെരുവല്ലൂർ | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കിയത് 10.7.17-നാണ്. |
| 3 | മായ.വി.ആർ., D/o രാജൻ.വി.സി., വടേരി ഹൗസ്, പെരുവല്ലൂർ | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |

| | | |
|---|---|---|
| 4 | അതുൽ കൃഷ്ണ.കെ., കൃഷ്ണൻ.കെ.എസ്., കാരായിൽ ഹൗസ്, മുല്ലശ്ശേരി | സ്കൂൾ സർട്ടിഫിക്കറ്റിൽ ക്ലാസ്സ് രേഖപ്പെടുത്തിയിട്ടില്ല |
| 5 | അഭിജിത്ത്.എ.എ., അപ്പനാടത്ത ഹൗസ്, ശാന്തി ഗ്രാമം, മുല്ലശ്ശേരി | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 6 | അതുൽ കൃഷ്ണ.വി.എസ്., വെട്ടിക്കൽ വീട്, മുല്ലശ്ശേരി | സ്കൂൾ സർട്ടിഫിക്കറ്റിൽ ക്ലാസ്സ് രേഖപ്പെടുത്തിയിട്ടില്ല |

d) അനർഹരായവർക്ക് അനുവദിച്ച

1) അശ്വതി.ടി.എസ്., തച്ചപ്പിള്ളി വീട്, മുല്ലശ്ശേരി 2) ഷിത.ഇ.എസ്., ഇളയേടത്ത് വീട്, മുല്ലശ്ശേരി എന്നീ വിദ്യാർത്ഥികൾ ഹാജരാക്കിയ സ്കൂൾ സർട്ടിഫിക്കറ്റ് പ്രകാരം സർട്ടിഫിക്കറ്റ് അനുവദിച്ചിരിക്കുന്നത് 31.3.16-ലാണ്. അതിൽ ഈ വിദ്യാർത്ഥികൾ പത്താംതരത്തിൽ പഠിക്കുന്ന എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അത് പ്രകാരം 2016-17ൽ പത്താം തരം കഴിഞ്ഞിട്ടുള്ളതിനാലും, 8, 9, 10 ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സൈക്കിളിന് അർഹത എന്നതിനാലും മേൽ വിദ്യാർത്ഥികൾക്ക് അർഹതയില്ലാത്തതും ഇപ്രകാരം അനുവദിച്ചത് സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധവുമാണ്.

അഞ്ജന.എ.കെ., മുട്ടിക്കൽ വീട്, മുല്ലശ്ശേരി എന്ന വിദ്യാർത്ഥി ഹാജരാക്കിയ സ്കൂൾ സർട്ടിഫിക്കറ്റിൽ സർട്ടിഫിക്കറ്റ് അനുവദിച്ച തിയതി രേഖപ്പെടുത്തിയിട്ടില്ല. പത്താം തരത്തിൽ പഠിക്കുന്നു. എന്നാൽ മേൽ വിദ്യാർത്ഥികൾ പഠിക്കുന്ന അതേ സ്കൂളിലും, അഡ്മിഷൻ നമ്പർ അടുത്തു വരുന്നതിനാലും ടി വിദ്യാർത്ഥിയ്ക്കും സൈക്കിളിന് അർഹതയുണ്ടോ എന്നത് പുന:പരിശോധിക്കേണ്ടതാണ്.

പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-9 എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണിച്ചർ

പ്രോജക്ട് നമ്പർ - 78/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - എച്ച്.എം., ഗവ.യു.പി. സ്കൂൾ, പെരുവല്ലൂർ

ബിൽ നമ്പർ - 4/16-17 തിയതി.29.3.17 തുക - 267948

എസ്.സി. വിഭാഗത്തിൽപ്പെടുന്ന 71 വിദ്യാർത്ഥികൾക്ക് ഫിഡ്കോ എന്റർപ്രൈസസ്, കാലിക്കറ്റ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികളിലൂടെയാണ് ഫർണിച്ചർ വാങ്ങി വിതരണം നടത്തിയിരിക്കുന്നത്. എന്നാൽ താഴെപ്പറയുന്ന വിദ്യാർത്ഥികൾ എസ്.സി. വിഭാഗത്തിൽപ്പെടുന്നവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

a) അഭിനവ് ബിജു,

മാംപണി, അന്നകര

b) സായ്റാം,
ചൂടാലി ഹൗസ്,
മുല്ലശ്ശേരി

ഫർണിച്ചറുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. ഫർണിച്ചറുകൾ വാങ്ങി സ്കൂൾ അധികൃതർ മുഖേനയാണ് വിതരണം നടത്തേണ്ടത് എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ സ്റ്റോക്കിലെടുത്ത് സ്കൂൾ അധികൃതർക്ക് കൈമാറിയിട്ടില്ല. രേഖകളുടെ അഭാവത്തിലും സ്റ്റോക്കിലെടുത്ത് വിതരണം നടത്താത്തതിനാലും ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-10 സ്കൂളിൽ ഫസ്റ്റ് എയ്ഡ് വിതരണം - സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല

പ്രോജക്ട് നമ്പർ - 82/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

ബിൽ നമ്പർ - 8/16-17 തിയതി 25.3.17 തുക - 15000

പദ്ധതി പ്രകാരം സെൻട്രൽ സർജിക്കൽ, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും സെൽഫ് കെയർ കിറ്റുകൾ വാങ്ങി പഞ്ചായത്ത് പരിധിയിലുള്ള നാല് സ്കൂളുകൾക്ക് വിതരണം നടത്തിയിട്ടുണ്ട്. കിറ്റുകൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-11 പകർച്ചവ്യാധി നിയന്ത്രണം- രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ - 103/17
നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.
ബിൽ നമ്പർ - 11/16-17 തിയതി 31.3.17 തുക - 29900

പദ്ധതിയിൽ ക്വട്ടേഷൻ വഴി യൂണിവേഴ്സൽ ഓഫ് സെറ്റ് പ്രിന്റേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും ബോധവത്കരണ കലണ്ടറുകൾ 2300 എണ്ണം പ്രിന്റ് ചെയ്ത് ആശ വർക്കർമാർ മുഖേന വിതരണം ചെയ്യുകയാണ് ചെയ്തിരിക്കുന്നത്. സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചുകൊണ്ടുള്ള കമ്മിറ്റി തീരുമാനം ലഭ്യമാക്കിയിട്ടില്ല. കലണ്ടറുകൾ സ്റ്റോക്കിലെടുത്ത് ആശാ വർക്കർമാർക്ക് വിതരണം ചെയ്തതിന്റേയോ, ആശാ വർക്കർമാരുടെ വിതരണ രേഖകളോ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-12 വയോജനങ്ങളുടെ ആരോഗ്യ പരിപാലനം

പ്രോജക്ട് നമ്പർ - 107/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

ബിൽ നമ്പർ - 9/16-17 തിയതി.31.3.17 തുക - 74250

പദ്ധതി പ്രകാരം ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോ സ്ട്രിപ്പ്, ലാൻസെറ്റ് എന്നിവ വാങ്ങുന്നതിന് കെ.എം.എസ്.സി.എൽ.-ന്റെ പ്രൊഫോർമ ഇൻവോയ്സിന്റെ (PRF 4001/21.3.17) അടിസ്ഥാനത്തിൽ 60250/- രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. നാളിതുവരെ 14000/- രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് ലഭ്യമാക്കിയത്. ഇതിൽ സ്ഥാപനത്തിന്റെ ബിൽ നം.71927/19.1.17 പ്രകാരം വന്ന 4000/- രൂപയുടെ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായും കാണുന്നില്ല. സ്റ്റോക്ക് എൻട്രി വരുത്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതും, ബാക്കി തുകയ്ക്കുള്ള ഉപകരണങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-13 പെയിൻ ആന്റ് പാലിയേറ്റീവ് കെയർ

പ്രോജക്ട് നമ്പർ - 107/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

ബിൽ നമ്പർ - 5/16-17 തിയതി.17.3.17 തുക - 302950

ബിൽ നമ്പർ - 7/16-17 തിയതി.25.3.17 തുക - 45700

കെ.എം.എസ്.സി.എൽ.ന്റെ പ്രൊഫോർമ ഇൻവോയ്സിന്റെ (PRF 1919/30.1.17) അടിസ്ഥാനത്തിൽ ബിൽ നം. 1 പ്രകാരം തുക പിൻവലിച്ച് സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ 60250/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. അടിയന്തിര സ്വഭാവമുള്ള ഇത്തരം പദ്ധതികൾക്ക് സ.ഉ.(സാധാ)നം. 397/2017 ത.സ്വ.ഭ.വ. തി.13.2.17-ലെ നിർദ്ദേശം പാലിക്കേണ്ടതാണ്. മേൽ ഉത്തരവിൽ ആരോഗ്യവകുപ്പിൽ നിന്നോ KMSCL-ൽ നിന്നോ മരുന്നുകൾ ലഭിക്കുവാൻ താമസമുണ്ടായാൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി താത്ക്കാലിക ആവശ്യത്തിന് കാരുണ്യ, നീതി സ്റ്റോർ, ജൻ ഔഷധി എന്നിവിടങ്ങളിൽ നിന്നും വാങ്ങാവുന്നതാണ്. മരുന്നുകൾ അടിയന്തിരമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ നമ്പർ 2 ബിൽ പ്രകാരം മാറിയ തുകയിൽ സബ് വൗച്ചർ നം. 49/15.1.17 പ്രകാരമുള്ള 3200/- രൂപയുടെയും വൗച്ചർ നം. 51/15.1.17 പ്രകാരമുള്ള 1400/- രൂപയുടെയും വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വൗച്ചറുകളുടെ അഭാവത്തിൽ ചെലവഴിച്ച 4600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-14 ഇ.എം.എസ് ഭവന പദ്ധതി

1. ഇ.എം.എസ്. ലോൺ അക്കൗണ്ടിൽ നിന്നും എസ്.ബി. അക്കൗണ്ടിലേക്ക് മാറ്റിയിട്ട തുക വിതരണം ചെയ്യാതെ വർദ്ധിത പലിശ നൽകുന്നതിന് നിർബന്ധിക്കപ്പെടുന്നു

2013-14 സാമ്പത്തിക വർഷം (28.3.14) ഇ.എം.എസ്. ഭവന നിർമ്മാണത്തിന് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാനുദ്ദേശിച്ച സബ്സിഡി തുകയായ 280000/- രൂപ ലോൺ അക്കൗണ്ടിൽ നിന്നും വി.ഇ.ഒ.യുടെയും പ്രസിഡന്റിന്റേയും പേരിലുള്ള അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 3664) മാറ്റിയിട്ടുണ്ട്. 31.3.17-ൽ ഈ അക്കൗണ്ടിൽ 245337/- രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി നിക്ഷേപിച്ച തുക വിതരണം ചെയ്യാതെ കിടക്കുന്നതു മൂലം ലോൺ തുകയ്ക്കുള്ള വർദ്ധിത 10% പലിശ ബാങ്കിന് നൽകാൻ നിർബന്ധിക്കപ്പെടുന്നു.
എസ്.ബി. അക്കൗണ്ടിൽ 19.6.17 വരെ 227837/- രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ലോൺ അക്കൗണ്ടിന്റെ മുതലിലേക്ക് അടവാക്കുന്നതിന് നടപടി എടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. തോമസ്, നെയ്യൻ ഹൗസ്, അന്നകര എന്ന ഗുണഭോക്താവ് 2 ഗഡുക്കളായി 52500/- രൂപ കൈപ്പറ്റിയിട്ടുണ്ട്. ടിയാൻ അനുവദനീയമായ തറ വിസ്തീർണ്ണത്തിൽ അധികരിച്ച് ഭവന നിർമ്മാണം നടത്തിയിട്ടുള്ളതായി വി.ഇ.ഒ. വിതരണ രജിസ്റ്ററിൽ റിപ്പോർട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ തന്നെ ടിയാന് ബാക്കി ഗഡുക്കൾ അനുവദിച്ചിട്ടില്ല. അനുവദനീയമായ തറ വിസ്തീർണ്ണത്തിൽ അധികരിച്ച് ഭവന നിർമ്മാണം നടത്തിയിട്ടുള്ളതിനാൽ ടിയാന് അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 എഞ്ചിനീയറുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ അംഗൻവാടികൾ പ്രവർത്തിക്കുന്നു

മുല്ലശ്ശേരി പഞ്ചായത്തിന്റെ അധീനതയിൽ ആകെ 25 അംഗൻവാടികളാണ് ഉള്ളത്. ഇതിൽ 5 എണ്ണം വാടക കെട്ടിടത്തിലും 17 എണ്ണം സ്വന്തം കെട്ടിടത്തിലും ബാക്കി സ്കൂളിലുമാണ് പ്രവർത്തിക്കുന്നത്. 22.3.11-ലെ സർക്കുലർ നം. 31055/ഡി സി-2/2011 ത.സ്വ.ഭ.വ. ഖണ്ഡിക സി പ്രകാരം ഗ്രാമപഞ്ചായത്തിലെ അംഗൻവാടികളുടെ സുരക്ഷിതത്വം സംബന്ധിച്ച് എൽ.എസ്.ജി.ഡി. എഞ്ചിനീയർ/ഓവർസിയർ പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണ്. ഇത് പ്രകാരം 22 അംഗൻവാടികൾക്ക് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുണ്ട്. എന്നാൽ അംഗൻവാടി നം. 33, 35, 39 എന്നിവ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് മതിയായ അടച്ചുറപ്പില്ല എന്ന് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ അംഗൻവാടികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 റോഡ് നിർമ്മാണ പ്രവൃത്തികൾ ഭാഗികമായി അവസാനിപ്പിക്കുന്നു

റോഡ് നിർമ്മാണ പ്രവൃത്തികൾ തുകയുടെ പരിമിതിയുണ്ടാവുന്ന പക്ഷം ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കാവുന്നതാണ്. സോളിങ്ങ്/മെറ്റലിങ്ങ് വരെയുള്ള ഇനങ്ങൾ മാത്രം പൂർത്തിയാക്കി ഗതാഗതത്തിന് തുറന്ന് കൊടുക്കുന്നത് മൂലം മെറ്റലിങ്ങ് ഇളകിതെറിച്ച് യാത്ര കൂടുതൽ ദുഷ്കരമാവുകയും പിന്നീട് ടാറിങ്ങ് പ്രോജക്ട് ഏറ്റെടുക്കുന്ന സന്ദർഭത്തിൽ അതുവരെ പൂർത്തീകരിച്ച ഇനങ്ങൾ വീണ്ടും ചെയ്യേണ്ട അവസ്ഥയുണ്ടാവുകയും സാമ്പത്തിക നഷ്ടത്തിന് കാരണമാവുകയും ചെയ്യുന്നു. 2015-16 മുതൽ വളരെ ഉയർന്ന നിരക്കുള്ള ഡൽഹി ഷെഡ്യൂൾ നിരക്കാണ് മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ അവലംബിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തിൽ സോളിങ്ങ് മാത്രം നടത്തി അവസാനിപ്പിച്ചതും 2016-17 വർഷത്തിൽ ടാറിങ്ങ് നടത്താത്തതുമായ ഏതാനും റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെപറയുന്നു.

| ക്രമനമ്പർ | പ്രോജക്ട് | ചെലവ് |
|---|---|---|
| 1 | തിരുനെല്ലൂർ കടവ് റോഡ് സോളിങ്ങ്<br>കരാറുകാരൻ- സദാനന്ദൻ.വി.എ. | 107987/-<br>(15-16) |
| 2 | സി.എച്ച്.സി. കണ്ണൻകാട് ലിങ്ക് റോഡ് സോളിങ്ങ്<br>കരാറുകാരൻ- പി.കെ.ചന്ദ്രൻ | 153237/-<br>(15-16) |

മരാമത്ത് പ്രവൃത്തികൾ ഭാഗികമായി ആസൂത്രണം ചെയ്യുന്നതിന് പകരം പൂർത്തീകരണത്തിന് ആവശ്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ബഹുവർഷ പ്രോജക്ടായി നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-17 തൊഴിലുറപ്പ് പദ്ധതി - റോഡ്കോൺക്രീറ്റ് പ്രവൃത്തിയിൽ വേതന/സാധന ഘടകത്തിൽ 60:40 എന്ന അനുപാതം പാലിക്കപ്പെട്ടില്ല - അവിദഗ്ധ തൊഴിലാളികളുടെ തൊഴിൽ സാധ്യത നഷ്ടപ്പെടുത്തുന്നു

ഓരോ ഗ്രാമപഞ്ചായത്തിനും വേതന/സാധന ഘടകങ്ങൾ 60:40 എന്ന അനുപാതത്തിൽ നിലനിൽക്കത്തക്ക രീതിയിൽ റോഡ് കോൺക്രീറ്റ് പണികൾ ഏറ്റെടുക്കാൻ 24/6/15-ലെ സ.ഉ.(കൈ)212/15 എൽ.എസ്.ജി.ഡി. പ്രകാരം ഉത്തരവുള്ളതാണ്. 2016-17 സാമ്പത്തിക വർഷം ചെയ്ത ഗാന്ധി റോഡ് കോൺക്രീറ്റിങ്ങ് (Ward V) എന്ന പ്രവൃത്തിക്ക് വേതന ഘടകത്തിൽ 7338/- രൂപയും സാധന ഘടകത്തിൽ 447806/- (work ID 16001675149) രൂപയും ചെലവഴിച്ചു. വേതന സാധന ഘടകങ്ങൾ തമ്മിലുള്ള 60:40 എന്ന അനുപാതം പാലിക്കപ്പെടാതിരിക്കുമ്പോൾ അവിദഗ്ധ തൊഴിലാളികളുടെ തൊഴിൽ സാധ്യത നഷ്ടപ്പെടുകയും, തൊഴിലുറപ്പ് പദ്ധതിയുടെ അന്ത:സത്ത ഇല്ലാതാക്കുന്നതായി വിലയിരുത്തുന്നു. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-18 തെരുവുവിളക്കുകളുടെ എ.എം.സി. സി.എഫ്.എൽ.-കളുടെ പുനസ്ഥാപനം, ട്യൂബ് മാറ്റൽ - പ്രവൃത്തി പരിശോധിക്കാതെ ചെലവ് നടത്തി

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ – 400000

ചെലവ് – 66667/- (try bill no.49/16-17 dt.31-3-17)

കരാറുകാരൻ – വേണുഗോപാൽ.സി.

കരാർ – A2-2/16 dt.17-1-17

പ്രോജക്റ്റ് – 83/17

തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് നടത്തുന്ന കരാറുകാരൻ പ്രവൃത്തിയുടെ ഓരോ ഘട്ടത്തിലും ചെയ്ത പ്രവൃത്തി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രത്തോടെ തുക അനുവദിക്കുന്നതിന് അപേക്ഷിക്കേണ്ടതാണ്. സെക്രട്ടറി ഇവ പരിശോധിച്ച് അർഹമായ തുക അനുവദിക്കേണ്ടതാണ്. എന്നാൽ തുക അനുവദിച്ചപ്പോൾ താഴെ പറയുന്ന രേഖകൾ ലഭ്യമാക്കാതെ തുക നൽകിയതായി കാണുന്നു.

(എ) റിപ്പയർ ചെയ്ത ഇനം – പോസ്റ്റ് നമ്പർ,

(ബി) സി.എഫ്.എൽ.കളുടെ പുനസ്ഥാപനം, ട്യൂബ് മാറ്റൽ,
(സി) നിരക്ക്,
(ഡി)സൂപ്പർവിഷൻ നടത്തിയതിന്റെ വിവരം,
(ഇ)പർച്ചെയ്സ് ബിൽ,
(എഫ്) റിപ്പയർ ചെയ്ത പോസ്റ്റ് നമ്പർ രേഖപ്പെടുത്തിയ രജിസ്റ്റർ.

മേൽ വിശദാംശങ്ങളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-19 രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നടപ്പാക്കിയ പദ്ധതി ചെലവിന്മേൽ താഴെപറയുന്ന രേഖകളുടെ അഭാവം ഉണ്ട്. ചെലവിനു നേരെ രേഖപ്പെടുത്തിയ വിശദാംശങ്ങളുടെ അഭാവത്തിൽ തുക 20,40,267/- തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പദ്ധതി-പേര് | ചെലവു തുക | അപാകത |
|---|---|---|---|
| 1 | 35/17 | 50000 (neft via dt.10/3/17) | ഹോംകോയിൽ നിന്ന് ഹോമിയോ മെഡിസിൻ നാളിതുവരെയായിട്ടും ലഭിച്ചിട്ടില്ല |
| 2 | 96/17 | 50000 (neft via dt.10/3/17) | ഹോംകോയിൽ നിന്ന് ഹോമിയോ മെഡിസിൻ നാളിതുവരെയായിട്ടും ലഭിച്ചിട്ടില്ല |
| 3 | 99/17 | 40000 (neft via dt.10/3/17) | ഹോംകോയിൽ നിന്ന് ഹോമിയോ മെഡിസിൻ നാളിതുവരെയായിട്ടും ലഭിച്ചിട്ടില്ല |
| 4 | 94/17 | 67890 (neft via dt.2/3/17) | ഐ.കെ.എം.ൽ നിന്ന് തുക കൈപ്പറ്റിയതിന്റെ രശീതി ഹാജരാക്കേണ്ടതാണ്. |
| 5 | 133/17 144/17 | 48000 52060 | വെങ്കിടങ്ങ്, പാവറട്ടി കെ.എസ്.ഇ.ബി. ഓഫീസിൽ തെരുവ് |

| | | | |
|---|---|---|---|
| | | 38675<br>452000 | വിളക്ക നീട്ടൽ എന്ന പദ്ധതിക്ക വേണ്ടി നിക്ഷേപിച്ച തുകയുടെ പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| 6 | 134/17 | 52750<br>11259<br>9133 | കെ.എസ്.ഇ.ബി. വെങ്കിടങ്ങ്, പാവറട്ടി ഓഫീസിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റൽ എന്നതിന്ന വേണ്ടി ചെലവഴിച്ച തുകയുടെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| 7 | 135/17 | 6000<br>110000 | കുടിവെള്ള പദ്ധതിക്ക വേണ്ടി കെ.ഡബ്ള്യു.എ.യിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| 8 | 90/17<br>92/17<br>93/17<br>159/17 | 80000<br>505000<br>422500<br>45000 | ഐ.എ.വൈ. അധിക വിഹിതം – മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയതിന്റെ വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. |
| ആകെ | | 20,40,267 | |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2016-17 | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | ശാരീരിക മാനസിക സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 19000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 18247 | 753 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിററി | പ്രോജക്ററ് നം.135/17, പേനകം കുടിവെള്ള പദ്ധതിയുടെ അററകുററപ്പണി | 21600944/18-2-17 | 110000 | 0 | 110000 |
| കേരള വാട്ടർ അതോറിററി | പ്രോജക്ററ് നം.135/17, പേനകം കുടിവെള്ള പദ്ധതിയുടെ അററകുററപ്പണി | 21600945/18-2-17 | 6000 | 0 | 6000 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21600997/6-3-17 | 52750 | 0 | 52750 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 21601038/11-3-17 | 48000 | 0 | 48000 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ സെക്കൻറ് ഫെയ്സ് | 21601041/11-3-17 | 38675 | 0 | 38675 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ സെക്കൻറ് ഫെയ്സ് | 21601042/11-3-17 | 52060 | 0 | 52060 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ സെക്കൻറ് ഫെയ്സ് | 21601039/11-3-17 | 11259 | 0 | 11259 |
| കെ.എസ്.ഇ.ബി. | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ | 21601040/11-3-17 | 9133 | 0 | 9133 |
| കെ.എസ്.ഇ.ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 21601075/20-3-17 | 452000 | 0 | 452000 |
| കെ.എസ്.ഇ.ബി. | കംപ്ളീറ്റ് ഇലക്ട്രിഫിക്കേഷൻ | 21601147/31-3-17 | 10000 | 0 | 10000 |
| കെ.ജി.ഡബ്ളിയു.ഡി. | കുഴൽക്കിണറിന് പുതിയ മോട്ടോർ വാങ്ങൽ | 72160000946/18-2-17 | 50000 | 50000 | 0 |

| | | | | | |
|---|---|---|---|---|---|
| കെ.ജി.ഡബ്ളിയു.ഡി. | കുഴൽക്കിണറിന് പുതിയ മോട്ടോർ വാങ്ങൽ | 21601005/8-3-17 | 65000 | 65000 | 0 |
| കെ.ജി.ഡബ്ളിയു.ഡി. | റിപ്പയറിങ്ങ് ഓഫ് കണ്ണേങ്ങത്ത് കുടിവെള്ള പദ്ധതി | 21601102/27-3-17 | 28500 | 0 | 28500 |
| കെ.എസ്.ഡി.സി. | ഷീ പാഡ് | 21600470/19-12-16 | 35000 | 0 | 35000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | G.O(Rt)No. 521/2010 /LSGD/ Dt.7-2-10 | 4856122 | 1449205 | 912000 | | 537205 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 5000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 5000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കോ-ഓപ്പറേറ്റീവ് ബാങ്ക് | 5000 |
| ആകെ | 5000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ | രശീത് നമ്പർ/ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ആളുടെ പേരും ഉദ്യോഗപ്പേരും | തീയ്യതി |
|---|---|---|---|---|
| 2014-15 | 2-2 | 228 | മനാഫ് പുഴങ്ങരയില്ലത്ത് | 11601102582/22-11-16 |
| 2014-15 | 2-2 | 124 | വിജയൻ | 1161102576/22/11/16 |
| 2014-15 | 2-2 | 277 | ലിബീഷ് | 11601102518/15-11-16 |
| 2014-15 | 2-2 | 115 | ഷാഹുൽഹമീദ് | 1161102501/11-11-16 |
| 2014-15 | 2-2 | 291 | കമറുദ്ദീൻ | 11601102545/17-11-16 |
| 2014-15 | 2-2 | 243 | ബാബു | 11601102517/15-11-16 |
| 2014-15 | 2-2 | 276 | ധന്യ വെട്ടത്ത് | 11601102525/16-11-16 |
| 2014-15 | 2-2 | 244 | ബീന ആൻറണി | 1611601102546/17-11-16 |
| 2014-15 | 2-2 | 265 | ദിവ്യ അജിതൻ | 1101102600/23-11-16 |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31747721 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 30501622 |
| വരവിനങ്ങളിലുള്ള നഷ്ടം | 18072 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2527882 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 1085 | | സെക്രട്ടറി ഇൻ ചാർജ്ജ്, അനുപമ.എ.വി. |
| | 4309 | | സെക്രട്ടറി, എ.എം.പങ്കജം |
| 2-3 | 8276 | | ഐ.എം.പങ്കജം, സെക്രട്ടറി |
| | 4402 | | എ.വി.അനുപമ, സെക്രട്ടറി |
| ആകെ | 18072 | | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-4 | 75000 | പി.എ.ഫ്രാൻസിസ്സ്, വെറ്ററിനറി സർജ്ജൻ |
| 3-6 | 28500 | ജാൻസി.സി.ടി., പ്രധാന അധ്യാപകൻ, ഗവൺമെന്റ് യു.പി.എസ്., പെരുവല്ലൂർ |
| 3-9 | 267948 | ജാൻസി.സി.ടി., പ്രധാന അധ്യാപകൻ, ഗവൺമെന്റ് യു.പി.എസ്., പെരുവല്ലൂർ |
| 3-10 | 15000 | ഡോ.എം.എ. രാമചന്ദ്രൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-11 | 29900 | ഡോ.എം.എ. രാമചന്ദ്രൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-13 | 4600 | ഡോ.എം.എ. രാമചന്ദ്രൻ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 3-18 | 66667 | എ.എം.പങ്കജം, സെക്രട്ടറി |
| 3-19 | 2040267 | എ.എം.പങ്കജം, സെക്രട്ടറി |
| ആകെ | 2527882 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എ.എം.പങ്കജം, സെക്രട്ടറി | സെക്രട്ടറി, മുല്ലശ്ശേരി ഗ്രാമ പഞ്ചായത്ത് | ശ്രീവരം, കണിമംഗലം. പി.ഒ., തൃശ്ശൂർ |
| അനുപമ. എ.വി., സെക്രട്ടറി ഇൻ ചാർജ്ജ് | സെക്രട്ടറി, ഒരുമനയൂർ ഗ്രാമപഞ്ചായത്ത് | ഉഷസ്സ്, മ്യൂസിയം ക്രോസ് ലൈൻ, ചെമ്പൂക്കാവ്, തൃശ്ശൂർ |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 68-69 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 1 |
| 72-73 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 3 |
| 73-74 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 9 |
| 75-76 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 19 |

| | | |
|---|---|---|
| 76-77 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 21 |
| 77-78 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 10 |
| 78-79 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 7 |
| 79-80 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 7 |
| 80-81 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 14 |
| 81-82 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 10 |
| 82-83 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 8 |
| 83-84 | എൽ.എഫ്.ടി.8-1803/96(1) തീയതി.19/12/06 | 16 |
| 84-85 | എൽ.എഫ്.ടി.11-1802/83 തീയതി.02/09/03 | 9 |
| 85-86 | എൽ.എഫ്.ടി.11 -1199/91 തീയതി.20-7-92 | 26 |
| 86-87 | എൽ.എഫ്.ടി.11- 1316/92 തീയതി.09/10/92 | |
| 88-89 | എൽ.എഫ്.ടി.11- 1316/92 തീയതി.09/10/92 | 35 |
| 89-90 | എൽ.എഫ്.ടി.11-1316/92 തീയതി.09/10/92 | |
| 90-91 | എൽ.എഫ്.ടി.11- 262/96 തീയതി. 21.12.96 | 29 |
| 91-92, 92-93, 93-94 | എൽ.എഫ്.ടി.11- 262/96 തീയതി.21/12/96 | 27 |
| 94-95,95-96 | എൽ.എഫ്.ടി.21-355/98 9/11/98- 1802/83 തീയതി.02/09/03 | 28 |
| 96-97 | എൽ.എഫ്.ടി.11-1802/83 തീയതി.02/09/03 | 24 |
| 97-98 | എൽ.എഫ്.ടി.15/839/98 തീയതി.31/12/98 | |
| 98-99 | എൽ.എഫ്.ടി.15/631/2000 തീയതി.7-8-2000 | |
| 99-00 | എൽ.എഫ്.ടി.15-245/03 തീയതി. 6-9-03 | |
| 00-01 | എൽ.എഫ്.ടി.15-1056/04 തീയതി.7-1-2004 | |
| 01-02 | എൽ.എഫ്.ടി.15-1057/04 തീയതി. 17-1-04 | |
| 02-03 | എൽ.എഫ്.ടി.15-353/05 തീയതി.3-8-09 | |
| 03-04 | എൽ.എഫ്.ടി.15- 1875/06 തീയതി.30-5-07 | |
| 04-05 | എൽ.എഫ്.ടി.15-1964/08 തീയതി. 14-9-09 | |
| 05-06 | എൽ.എഫ്.ടി.15-1965/08 തീയതി. | |

| | | |
|---|---|---|
| | 14-09-09 | |
| 06-07 | എൽ.എഫ്.ടി.15 തീയതി. 29.11.10 | |
| 07-08 | എൽ.എഫ്.ടി.പി.7-1811/10 തീയതി. 31-5-11 | |
| 08-09 മുതൽ10-11 | എൽ.എഫ്.ടി.പി.1-2180/12 തീയതി.11-3-13 | |
| 11-12 | എൽ.എഫ്.ടി.5-200/13 തീയതി.3-4-14 | |
| 12-13 | എൽ.എഫ്.ടി.പി.5-1286/14 തീയതി.9-1-2015/24-3-15 | |
| 13-14 | കെ.എസ്.എ.-ടി.എസ്.ആർ.-(പി5)750/15 തി.6-10-15 /12-10-15 | |
| 14-15 | കെ.എസ്.എ.-ടി.എസ്.ആർ.-(പി5)-1254/16 തീ.26-7-16/30-7-16 | |
| 2015-16 | കെ.എസ്.എ.-ടി.എസ്.ആർ.(പി5)-124/17 തീ.2-2-17/10-2-17 | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ.(പി5)1565/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020.
ഫോൺ- 0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി :24.11.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

No. KSA-TSR(P.5)1565/2017

Kerala State Audit Department,

District Audit Office,
Thrissur- 680 020.
Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated:24.11.2017

## AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Mullassery Grama panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Mullassery Grama Panchcyat for the year 2016-17 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director,

District Audit Office,

Thrissur.